# ഭാരതീയ റിസർവ് ബാങ്ക്

www.rbi.org.in

ആർബിഐ/2020-21/20
ഡിഒആർ.നം.ബിപി.ബിസി/7/21.04.048/2020-21

ഓഗസ്റ്റ് 6, 2020

എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾക്കും
എല്ലാ പെയ്മെന്റ് ബാങ്കുകൾക്കും.

മാഡം/ പ്രിയപ്പെട്ട സർ,

**ബാങ്കുകളിലെ കറന്റ് അക്കൗണ്ട് തുറക്കൽ - അച്ചടക്കത്തിന്റെ ആവശ്യകത**

ഈ വിഷയത്തിൽ 2015 ജൂലൈ 2-ാം തീയതി പുറപ്പെടുവിച്ച സർക്കുലർ ഡിബിആർ. എൽ ഇജി. ബിസി . 25/09.07.005/2015-16 ദയവായി പരിശോധിക്കുക ബാങ്കുകളിൽ കറന്റ് അക്കൗണ്ടുകൾ തുറക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുനരവലോകനം ചെയ്തിരിക്കുന്നു. പുതുക്കിയ നിർദ്ദേശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

i. ബാങ്കിങ് വ്യവസ്ഥിതിയിൽ നിന്നും ക്യാഷ് ക്രെഡിറ്റ് (സിസി/ ഓവർ ഡ്രാഫ്റ്റ് (ഒഡി) രൂപത്തിൽ വായ്പാ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുള്ള ഇടപാടുകാരുടെ പേരിൽ ഒരു ബാങ്കും കറന്റ് അക്കൗണ്ടുകൾ അനുവദിക്കാൻ പാടുള്ളതല്ല. അവരുടെ എല്ലാ ഇടപാടുകളും സിസി /ഒഡി അക്കൗണ്ടിലൂടെയായിരിക്കണം നടത്തേണ്ടത്.

ii. ഒരു വായ്പക്കാരന് ബാങ്കിങ് വ്യവസ്ഥിതിയിൽ നിന്നും ലഭ്യമായിരിക്കുന്ന വായ്പാസൗകര്യത്തിന്റെ 10 ശതമാനത്തിലും കുറവ് വായ്പ[1] യാണ് ഒരു ബാങ്കിൽ നിന്നും നൽകിയിരിക്കുന്നതെങ്കിൽ അക്കൗണ്ടിൽ പണമടക്കലുകൾ നിർബാധം അനുവദിക്കുന്നതും, എന്നാൽ സിസി / ഒഡി അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നത് അയാൾക്ക് ബാങ്കിങ് വ്യവസ്ഥിതിയിൽ നിന്നുമുള്ള വായ്പാ സൗകര്യങ്ങളുടെ 10 ശതമാനമോ, അതിലുമധികമോ

1. ഈ നിര്ദശേങ്ങളെ സംബന്ധിച്ചിടത്തോളം 'വായ്പ' എന്നാല് അര്ഥമാക്കണ്ടേത് ഫണ്ട് അധിഷ്ഠിതവും ഫണ്ട് - ഇതര അധിഷ്ഠിതവുമായി അനുവദിക്കപ്പടെ്ടിരിക്കുന്ന വായ്പകളുടെ ആകെ തുകയന്നൊണ്.

നൽകിയിരിക്കുന്ന ഒരു ബാങ്കിൽ അയാൾക്കുള്ള സിസി /ഒഡി അക്കൗണ്ടിൽ വരവ് വയ്ക്കാൻ വേണ്ടി മാത്രമായിരിക്കണം. ഈ അക്കൗണ്ടുകളിൽ നിന്നും പണം മാറ്റേണ്ട സിസി/ഒഡി അക്കൗണ്ടിലേക്ക് ബാങ്കിനും വായ്പക്കാരനും സമ്മതമായ ഇടവേളകളിൽ പണം മാറ്റാവുന്നതാണ്. അത് കൂടാതെ, അത്തരം അക്കൗണ്ടുകളിലെ നിക്ഷേപ നീക്കിയിരിപ്പ് മറ്റേതെങ്കിലും ഫണ്ട്- ഇതര അടിസ്ഥാനത്തിൽ വായ്പക്കാരൻ എടുക്കുന്ന വായ്പയിലേക്കുള്ള അയാളുടെ വിഹിതമായി ഉപയോഗിക്കാനും പാടില്ലാത്തതാണ്. ബാങ്കിങ് വ്യവസ്ഥിതിയിൽ നിന്നും 10 ശതമാനമോ അതിലുമധികമോ വായ്പകൾ നൽകിയിരിക്കുന്ന ഒന്നിൽ കൂടുതൽ ബാങ്കുകൾ ഉള്ളപക്ഷം, ഏത് ബാങ്കിലേക്കായിരിക്കണം പണ നിക്ഷേപം നടത്തേണ്ടത് എന്ന കാര്യം ഇടപാടുകാരും ആ ബാങ്കുകളും തമ്മിൽ ഉഭയസമ്മതപ്രകാരം തീരുമാനിക്കേണ്ടതാണ്. ബാങ്കിങ് വ്യവസ്ഥിതിയിൽ നിന്നും 10 ശതമാനത്തിലും കുറഞ്ഞ വായ്പകൾ നൽകിയിരിക്കുന്ന ബാങ്കുകൾക്ക് വായ്പക്കാരനുവേണ്ടി പ്രവർത്തനമൂലധന ഡിമാന്റ് ലോൺ (ഡബ്യ്യു സിഡിഎൽ/ പ്രവർത്തനമൂലധന ടേം ലോൺ (ഡബ്യ്യൂ.സിടിഎൽ) അനുവദിക്കാൻ കഴിയുന്നതാണ്.

iii. ബാങ്കിങ് വ്യവസ്ഥിതിയിൽ നിന്നുമുള്ള മൊത്തം വായ്പയുടെ 10 ശതമാനമോ അതിലേറെയോ വിഹിതം വായ്പക്കാരന് നൽകുന്ന ഒരു ബാങ്കിന് ഇതുവരെ ചെയ്തിരുന്ന പോലെ തന്നെ സിസി/ഒഡി സൗകര്യം നൽകാൻ കഴിയുന്നതാണ്.

iv. 2018- ഡിസംബർ 5-ാം തീയതിയിലെ സർക്കുലർ ഡിബിആർ.ബിപി.ബിസി. നം.12/21.04.048/2018-19-ൽ ബാങ്ക് വായ്പാ വിതരണത്തിനായി വായ്പാഘടനയെക്കുറിച്ച് നൽകിയിരുന്ന മാർഗരേഖകൾ ബാധകമായിട്ടുള്ള വായ്പക്കാരുടെ കാര്യത്തിൽ പ്രവർത്തനമൂലധന വായ്പയെ തവണ വായ്പ ഘടകമായും ക്യാഷ് ക്രെഡിറ്റ് ഘടകമായും വേർതിരിക്കുന്ന പ്രവർത്തനം ഇനിമേൽ കൺസോർഷ്യം വായ്പയുൾപ്പെടെയുള്ളവയിൽ അതാത് ബാങ്ക് തലത്തിലായിരിക്കും നിർവഹിക്കപ്പെടുന്നത്.

v. ഒരു ബാങ്കിൽ നിന്നും സിസി/ ഒഡി സൗകര്യം പ്രയോജനപ്പെടുത്തിയിട്ടില്ലാത്ത ഇടപാടുക്കാരുടെ കാര്യത്തിൽ ബാങ്കുകൾ കറന്റ് അക്കൗണ്ടുകൾ തുറക്കുന്നത് താഴെപ്പറയും പ്രകാരമായിരിക്കണം.

എ) ബാങ്കിങ് വ്യവസ്ഥിതിയിൽ നിന്നും 50 കോടി രൂപയോ അതിലുമധികമോ വായ്പയുള്ള ഇടപാടുകാരുടെ കാര്യത്തിൽ ബാങ്ക് ഒരു എസ്ക്രോ സംവിധാനം സജ്ജമാക്കേണ്ടതാണ്. അതിൻപ്രകാരം അത്തരം വായ്പക്കാരുടെ കറന്റ് അക്കൗണ്ടുകൾ എസ്ക്രോ മാനേജിങ് ബാങ്കിൽ മാത്രമേ തുറക്കാനും/ തുടർന്നുപോകാനും കഴിയൂ എന്നു വരികിലും വായ്പനൽകുന്ന ബാങ്കുകൾക്ക് 'കളക്ഷൻ അക്കൗണ്ടുകൾ' തുറക്കാൻ അനുവദിക്കുന്നതിൽ നിയന്ത്രണമില്ല. എന്നാൽ ഇത്, ബാങ്കും വായ്പക്കാരനും തമ്മിൽ ഉഭയസമ്മതപ്രകാരം തീരുമാനിച്ച ഇടവേളകളിൽ കളക്ഷൻ അക്കൗണ്ടു' കളിൽ നിന്നും മേൽപ്പറഞ്ഞ എസ്ക്രോ അക്കൗണ്ടിലേക്ക് പണം മാറ്റിക്കൊണ്ടിരിക്കും എന്ന നിബന്ധനയ്ക്ക് വിധേയമായിട്ടായിരിക്കും. അതും കൂടാതെ, അത്തരം അക്കൗണ്ടുകളിലെ നീക്കിയിരിപ്പു തുകകൾ ഏതങ്കിലും വിധത്തിലുള്ള ഫണ്ട് - ഇതര അടിസ്ഥാനത്തിലുള്ള വായ്പ ലഭ്യമാക്കുന്നതിനായുള്ള വായ്പക്കാരന്റെ വിഹിതമായി ഉപയോഗിക്കാനും പാടില്ല. മേൽപ്പറഞ്ഞ 'കളക്ഷൻ അക്കൗണ്ടു'കളിലേക്ക് അടയ്ക്കുന്ന പണത്തിന്റെ അളവിനെ സംബന്ധിച്ചോ, പണമടവുകളുടെ എണ്ണത്തെ സംബന്ധിച്ചോ യാതൊരു നിരോധനവുമില്ലെങ്കിൽ കൂടിയും, ഈ അക്കൗണ്ടുകളിൽ നിന്നും പണം കുറവു ചെയ്യുന്നത് അത് എസ്ക്രോ അക്കൗണ്ടിലേക്ക് അടക്കുവാനുള്ള ഉദ്ദേശ്യത്തിന് മാത്രമായിരിക്കണമെന്ന നിബന്ധനയുണ്ട്. വായ്പനൽകാത്ത ബാങ്കുകൾ അത്തരം വായ്പക്കാരുടെ പേരിൽ ഏതെങ്കിലും കറന്റ് അക്കൗണ്ട് തുടങ്ങാൻ പാടുള്ളതല്ല.

ബി) 5 കോടിരൂപയ്ക്കോ അല്ലെങ്കിൽ 50 കോടിരൂപയിൽ കുറഞ്ഞതോ ആയ വായ്പകൾ ബാങ്കിങ് വ്യവസ്ഥിതിയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള വായ്പക്കാർക്കുവേണ്ടി കറന്റ് അക്കൗണ്ടുകൾ തുറക്കുന്നതിൽ ബാങ്കുകൾക്ക് ഒരു നിരോധനവുമില്ല. എന്നാൽ വായ്പ നൽകിയിട്ടില്ലാത്ത ബാങ്കുകൾ മുകളിലെ ഖണ്ഡിക (v) (എ) യിൽ പറഞ്ഞിരിക്കും പ്രകാരം കളക്ഷൻ അക്കൗണ്ടുകൾ മാത്രമേ തുറക്കാവൂ.

സി) 5 കോടിയിൽ കുറഞ്ഞ തുക ബാങ്കിങ് വ്യവസ്ഥിതിയിൽ നിന്നും വായ്പയായി ലഭിച്ചിട്ടുള്ള വായ്പക്കാരുടെ കാര്യത്തിൽ ബാങ്കുകൾക്ക് കറന്റ് അക്കൗണ്ടുകൾ തുറക്കാവുന്നതാണ്. എന്നാൽ ആ വായ്പക്കാർ ബാങ്കിങ് വ്യവസ്ഥിതിയിൽ നിന്നും എടുത്തിരിക്കുന്ന വായ്പാ സൗകര്യങ്ങൾ 5 കോടി രൂപയിൽ കവിയുമ്പോൾ ആ വിവരം അവർ ബാങ്കിനെ അറിയിച്ചുകൊള്ളാമെന്ന ഒരു പ്രതിജ്ഞാപത്രം ബാങ്ക് വാങ്ങിച്ചിരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായിട്ടായിരിക്കും ഇതിന് അനുവാദം നൽകുന്നത്. ഈ വിഭാഗത്തിൽപ്പെടുന്ന ഇടപാടുകാരെ സംബന്ധിച്ചിടത്തോളം ബാങ്കിങ് വ്യവസ്ഥിതിയിൽനിന്നുമുള്ള അവരുടെ വായ്പ 5 കോടി രൂപയോ അതിലധികമോ, അല്ലെങ്കിൽ 50 കോടി രൂപയോ അതിലധികമോ ആകുന്ന പക്ഷം അവരുടെ കറന്റ് അക്കൗണ്ടുകൾ യഥാക്രമം മുകളിൽ പ്രസ്ഥാവിക്കപ്പെട്ട ഖണ്ഡിക (v)(ബി), (v) (എ) പ്രകാരം നിയന്ത്രിക്കപ്പെടുന്നതായിരിക്കും.

ഡി) ബാങ്കിങ് വ്യവസ്ഥിതിയിൽ നിന്നും ഏതെങ്കിലും വിധത്തിലുള്ള വായ്പാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയിട്ടില്ലാത്തവരായ ഭാവി ഇടപാടുകാർക്കായി കറന്റ് അക്കൗണ്ടുകൾ തുറക്കാൻ ബാങ്കുകൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും. എന്നാൽ അവരുടെ ബോർഡ് അംഗീകരിച്ചിട്ടുള്ള നയങ്ങൾ പ്രകാരം അത്യാവശ്യം വേണ്ടുന്ന യോഗ്യമായ ജാഗ്രത പാലിച്ചു കൊണ്ടായിരിക്കണമിത്.

2 ബാങ്കുകൾ അവരുടെ എല്ലാ കറന്റ് അക്കൗണ്ടുകളും സിസി/ഒഡി അക്കൗണ്ടുകളും ഇടവിടാതെ കുറഞ്ഞപക്ഷം പാദവർഷാടിസ്ഥാനത്തിലെങ്കിലും സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും ബാങ്കിങ് വ്യവസ്ഥിതിയിൽ നിന്നും നൽകിയിട്ടുള്ള വായ്പയുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നത് ഉറപ്പ് വരുത്തണം.

3. തവണ വായ്പകളിൽ നിന്നുള്ള തുകകൾ ബാങ്കുകൾ നൽകുന്നത് കറന്റ് അക്കൗണ്ടുകൾ മുഖേനയാകാൻ പാടില്ല. തവണ വായ്പകൾ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായിട്ടാണ് നൽകുന്നത് എന്നതിനാൽ പണം നേരിട്ട് ചരക്കുകളുടെയും സേവനങ്ങളുടെയും ദാതാക്കൾക്ക് നൽകേണ്ടതാണ്. ദൈനംദിന പ്രവർത്തികൾക്കായി വായ്പക്കാരന് ആവശ്യമായി വരുന്ന

ചെലവുകൾ അയാൾക്ക് ഒരു സിസി/ ഒഡി അക്കൗണ്ടുണ്ടെങ്കിൽ ആ സിസി/ഒഡി അക്കൗണ്ടിലൂടെയായിരിക്കണം നിർവഹിക്കേണ്ടത്. അല്ലാത്തപക്ഷം ഒരു കറന്റ് അക്കൗണ്ട് മുഖേനയും.


4. നിലവിലുള്ള സിസി/ ഒഡി അക്കൗണ്ടുകളുടെ കാര്യത്തിൽ മുകളിൽ പ്രസ്താവിച്ച നിർദേശങ്ങളുടെ അനുവർത്തനം ഈ സർക്കുലർ തീയതി മുതൽ മൂന്ന് മാസക്കാലയളവിനകം ബാങ്കുകൾ ഉറപ്പ് വരുത്തേണ്ടതാണ്.

താങ്കളുടെ വിശ്വസ്തതയുള്ള

(സൗരവ് സിൻഹ)

ചീഫ് ജനറൽ മാനേജർ-ഇൻ-ചാർജ്
ഉള്ളടക്കം : ഫ്ളോ ചാർട്ടുകൾ

# കറന്റ് അക്കൗണ്ടുകൾ തുറക്കുന്നതിനുള്ള ഫ്ളോചാർട്ട്



# സിസി/ഒഡി സൗകര്യം ലഭിക്കുന്നതിനുള്ള ഫ്ളോചാർട്ട്

സിസി/ഒഡി ലഭിക്കാനായി വായ്പക്കാരൻ ഒരു ബാങ്കിനെ സമീപിക്കുന്നു

→

വായ്പക്കാരന് ബാങ്കിൽ നിന്നും അനുവദിക്കേണ്ട വായ്പ ബാങ്കിന്റെ മൊത്തം വായ്പയുടെ 10% ലോ അതിലുമധികമോ?

അതേ →

സിസി/ ഒഡി സൗകര്യം ലഭിക്കാൻ കഴിയും

അല്ല ↓

സിസി / ഒഡി സൗകര്യം ലഭിക്കാം. എന്നാൽ അക്കൗണ്ടിൽ പണം വരവ് വയ്ക്കാനായി മാത്രമേ അത് ഉപയോഗിക്കാൻ പാടുള്ളു. അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നത് ബാങ്കിങ് വ്യവസ്ഥിതിയിൽ നിന്നും 10 ശതമാനമോ അതിലുമധികമോ അയാൾക്ക് ലഭിച്ച ബാങ്കിലെ സിസി / ഒഡി അക്കൗണ്ടിൽ അടയ്ക്കാൻ വേണ്ടി മാത്രമായിരിക്കണം